"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- കേരള ഫീഡ്സ് ലിമിറ്റഡ് - കൊല്ലം ജില്ലയിലെ, കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി 2009-ൽ സർക്കാർ ഏറ്റെടുത്ത 9.5 ഏക്കർ ഭൂമി വിട്ടു നൽ കിയ കുടുംബങ്ങളിൽ നിന്നും കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന 25 പേർക്ക്സ്ഥിര നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവാകുന്നു.

---

**മൃഗസംരക്ഷണ ( എഫ് ) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/AHD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. 21.05.2008 തീയതിയിലെ സ.ഉ.(സാധാ)നം. 939/2008/എ ഡി നമ്പർ ഉത്തരവ്
2. 18.11.2009 തീയതിയിലെ സ.ഉ.(സാധാ)നം. 1911/2009/എ ഡി നമ്പർ ഉത്തരവ്
3. കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 08.03.2019 തീയതിയിലെ KFL/1720/09/L-174/SRO/19 നമ്പർ കത്ത്.
4 14/03/2016, 08.02.2023 എന്നീ തീയതികളിലെ യോഗനടപടികുറിപ്പുകൾ
5 കൊല്ലം ജില്ലാ കളക്ടറുടെ 14.08.2023ലെ DC/KCM/4709 നമ്പർ കത്ത്
6 അഡ്വക്കേറ്റ് ജനറലിന്റെ 01.03.2024 തീയതിയിലെ നിയമോപദേശം
7 ബഹു.ഹൈക്കോടതിയുടെ 05.04.2024 തീയതിയിലെ 2018 ലെ LAA കേസിലെ വിധിന്യായം.
8 കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 09.08.2024,05.10.2024 എന്നീ തീയതികളിലെ KFL/866/02/L-182,213/SRO/24 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് പരാമർശം (1),(2)-ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ 43 കുടുംബങ്ങളിൽ നിന്നായി 9.5 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. കരുനാഗപ്പള്ളി താലൂക്കിലെ കല്ലേലിഭാഗം വില്ലേജിൽ നിന്നാണ് ഭൂമി ഏറ്റെടുത്തത്. പ്രസ്തുത സ്ഥലത്തിന് ജില്ലാ കളക്ടറുടെ വാല്യുവേഷൻ പ്രകാരം 5.96 കോടി രൂപ ഭൂവുടമകൾക്ക് നൽകിയിരുന്നു.

2) ഭൂമി ഏറ്റെടുത്തതിനെ തുടർന്ന് എല്ലാ ഭൂവുടമകളും ഭൂമിയുടെ വില അപര്യാപ്തമാണെന്ന് കാണിച്ചുകൊണ്ട് ബഹു. കൊല്ലം സബ് കോടതിയിൽ LAR കേസ് ഫയൽ ചെയ്യുകയും, അവർക്ക് അനുകൂലമായി 70% മുതൽ 130% വരെ വിലവർദ്ധനവ് ബഹു.കോടതി വിധിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്ത കുടുംബങ്ങളിലുള്ളതോ അവരുടെ നോമിനികളോ ആയ 30 പേർക്ക് കമ്പനി താൽക്കാലിക-ദിവസവേതന അടിസ്ഥാനത്തിൽ 2012 മുതൽ ജോലി നൽകിയിട്ടുണ്ട്. ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച 30 പേർക്ക് സ്ഥിര നിയമനം നൽകുന്നതിനോടൊപ്പം അവർക്ക് സബ് കോടതി (LAR) വിധിയിൽ ലഭിച്ച വില വർദ്ധനവിൽ വിട്ടുവീഴ്ച ചെയ്യാനായി പലതവണ ഭൂവുടമകളുമായും സംഘടനകളുമായും ചർച്ചകൾ നടത്തിയിരുന്നു.

3) പരാമർശം (4) ലെ മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം ഈ വിഷയം ചർച്ച ചെയ്യുകയും, തുടർന്ന് ഭൂവുടമകളുടെ പ്രതിനിധികൾ ഒത്തുതീർപ്പിന് തയ്യാറാവുകയും, അതിൻ പ്രകാരം ഭൂമി വിലയുടെ 55% വർദ്ധനവും ബന്ധപ്പെട്ട നിയമപരമായ ആനുകൂല്യങ്ങളും നൽകിയാൽ അവർക്ക് സ്ഥിര നിയമനം ലഭ്യമായി നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് എല്ലാ എവിക്ഷൻ പെറ്റീഷൻ കേസുകളും (EV CASES) പിൻവലിക്കാൻ തയ്യാറാണെന്നും അറിയിച്ചിരുന്നു.

4) ഈ വിഷയത്തിൽ കുടിയിറക്കപ്പെട്ടവർക്ക് നൽകുന്ന റീഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് പാക്കേജിന്റെയും അവാർഡിന്റെയും ഉദ്ദേശലക്ഷ്യങ്ങൾ വ്യത്യസ്തമായിട്ടുള്ളതിനാൽ LAR കേസിന്റെ അന്തിമവിധിക്ക് വിധേയമായി കോമ്പൻസേഷൻ നൽകുന്ന വിഷയം തീർപ്പാക്കേണ്ടതാണെന്ന് കണ്ടെത്തുകയും മന്ത്രിതലയോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുമുണ്ട്.

1. LAR കേസുകൾ വഴി അധികതുക ലഭിച്ചവർ ആയത് കമ്പനിക്ക് തിരിച്ചടയ്ക്കാമെന്ന് Willingness കമ്പനിക്ക് നൽകണം.
2. മേൽ Willingness-ന്റെ അടിസ്ഥാനത്തിൽ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ നോമിനികൾക്ക് കമ്പനി നൽകിയിരിക്കുന്ന താൽക്കാലിക ജോലി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക
3. കോംപ്രമൈസ് എഗ്രിമെൻറ് ഒപ്പിടാത്തവരെ സ്ഥിരപ്പെടുത്തുന്ന നടപടിയിൽ നിന്നും ഒഴിവാക്കുക.
4. ഭൂവുടമകൾ നൽകിയിട്ടുള്ള നിലവിലുള്ള LAR കേസുകൾ പിൻവലിക്കുക.

5) പ്രസ്തുത വിഷയം 16/02/2024ൽ ബഹു ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ അപ്പീലിനോടൊപ്പം മറ്റു അപ്പീൽ കേസുകളും എടുക്കേണ്ടതാണെന്നും 11/03/2024 ന് കൊല്ലത്തെ District Mediation Centre ൽ കക്ഷികൾ ഹാജരാകേണ്ടതാണെന്നും കേരള ഫീഡ്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ ഒരു ഒത്തുതീർപ്പ ഫോർമുല മുന്നോട്ടു വയ്ക്കേണ്ടതാണെന്നും settlement Agreement പ്രകാരം അനുവദിക്കേണ്ടി വരുന്ന തുക കമ്പനി തന്നെ വഹിക്കേണ്ടതാണെന്നും അപ്രകാരം സർക്കാർ അന്തിമ തീരുമാനം എടുക്കേണ്ടതുമാണ് എന്നും ബഹു: കോടതി ഉത്തരവായി എന്ന് പരാമർശം (6) പ്രകാരം അഡ്വക്കേറ്റ് ജനറൽ സർക്കാരിനെ അറിയിച്ചിരുന്നു.

6) കേരള ഫീഡ്സ് കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഇരു

കക്ഷികളും സമ്മതിച്ച ഒത്തുതീർപ്പ് തുക അംഗീകരിച്ചു കൊണ്ട് തുക കണക്കാക്കേണ്ട രീതി താഴെപ്പറയും പ്രകാരം മാനേജിങ് ഡയറക്ടർ സർക്കാരിൽ പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതാണ് .

Formula for Computation

55% increase in land value + Solatium @ 30% on this increased land value+
12% enhancement u/s 23(1A) (for period as permitted by court in LAR - Judgment) +9% interest for 1 year (for period as per permitted by court in LAR Judgment)+ 15% interest for remaining period upto 30.11.2019.

7) ബഹു.ഹൈക്കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മധ്യസ്ഥതയിലൂടെ LA അപ്പീൽ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ പ്രകാരം 11.03.2024-ന് നടന്ന മധ്യസ്ഥ ചർച്ചയിൽ, കക്ഷികൾ നൽകിയ Settlement Agreement പ്രകാരം 20 LA അപ്പീൽ കേസുകൾ( LAA) തീർപ്പാക്കിയിട്ടുള്ളതും തുടർന്ന്, ബാക്കിയുള്ള 5 കേസുകൾ യഥാക്രമം 23.04.2024, 08.07.2024, 05.09.2024 തീയതികളിൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

8) കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, ബഹു കേരള ഹൈക്കോടതിയിൽ മധ്യസ്ഥ ഉടമ്പടി ഫയൽ ചെയ്തിട്ടുണ്ടെന്നും LAR കേസുകൾ ബഹു.കോടതി തീർപ്പാക്കിയതായും, പ്രസ്തുത മധ്യസ്ഥ ചർച്ചയിൽ ഒത്തുതീർപ്പാക്കിയ പ്രകാരം താൽക്കാലിക തസ്തികയിൽ ജോലി ചെയ്യുന്ന 25 നോമിനികളെയും, കമ്പനിക്കെതിരെ കേസൊന്നും ഫയൽ ചെയ്തിട്ടില്ലാത്ത ശ്രീ.അനീഷ് കുമാറിനെയും,കൂടാതെ ഭൂമി വിട്ടു നൽകിയ ശ്രീ.സുരേഷിന്റെയും ശ്രീ.രമണന്റെയും മകനെയോ / മകളെയോ അവരുടെ സ്ഥാനത്ത് സ്ഥിരനിയമനത്തിന് പരിഗണിക്കുവാൻ പരാമർശം (8) പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

9) കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനി സമർപ്പിച്ച പട്ടികയിലെ ഒന്നു മുതൽ 25 വരെ ഉള്ള പേരുകാരുടെ കേസുകൾ മീഡിയേഷൻ വഴി തീർപ്പു കല്പിച്ചതിനാൽ മീഡിയേഷനിൽ ഒത്തുതീർപ്പാക്കിയതനുസരിച്ചുള്ള സമ്മതപത്രത്തിലെ (Settlement Agreement) വ്യവസ്ഥകൾ പ്രകാരം അവരെ സ്ഥിര നിയമനത്തിനായി പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതും മീഡിയേഷനിൽ പരിഗണിക്കാത്തതും, പരിഗണനയിൽ ഇരിക്കുന്നതും ആയ ബാക്കി കേസുകൾ തീർപ്പ് ആകുന്ന മുറയ്ക്ക് അവരുടെ സ്ഥിര നിയമനത്തിനായി പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് തീരുമാനം എടുക്കാവുന്നതുമാണ് എന്ന് തത്വത്തിൽ തീരുമാനിച്ചിരുന്നു.

10) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി 2009-ൽ സർക്കാർ ഏറ്റെടുത്ത 9.5 ഏക്കർ ഭൂമി വിട്ടു നൽകിയ 43 കുടുംബങ്ങളിൽ നിന്നും കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന 30 പേരിൽ കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ബഹു ഹൈക്കോടതി വിധി പ്രകാരം കൊല്ലം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന 25 പേർ ഒപ്പിട്ട സമ്മതപത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവർക്ക് (പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) കമ്പനിയിലെ വർക്ക്മെൻ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥിര നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു..

11) മേൽ നിയമനം സംബന്ധിച്ച് തുടർ നടപടികൾ കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ,കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ , തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ , അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള,എറണാകുളം
മാനേജിങ് ഡയറക്ടർ , കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ.
പൊതുഭരണ (എസ് സി )വകുപ്പിന് (22.01.25 തീയതിയിലെ ഇനം നം.2631 പ്രകാരം)
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ് (13.10.2021 തീയതിയിലെ *PLGEA-BPE2/64/2021-PLGEA പ്രകാരം)*
ധനകാര്യ (പി.യു-ബി )വകുപ്പ് (04.01.2021 തീയതിയിലെ പി.യു-ബി 2/8/2021-ധന(ഇ:1689575 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) തിരുവനന്തപുരം .
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Syam R K
Date: 25-01-2025 10:45:55
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

അനുബന്ധം

| Sl No | LAA | LAR | Name of the evictee/ Nominee proposed for Permanent engagement | Date of Birth | Date of Retirement | Post Proposed |
|---|---|---|---|---|---|---|
| 1 | 401/2017 | 12/2010 | Sanu B | 31.05.1990 | 31.05.2048 | Office Attendent |
| 2 | 19/2018 | 20/2010 | Rajalekshmi I | 10.05.1977 | 31.05.2035 | Office Attendent |
| 3 | 70/2018 | 15/2011 | Suneera S | 25.05.1974 | 31.05.2032 | Store Keeper |
| 4 | 279/2012 | 56/2009 | Achu Mohan | 07.01.1994 | 31.01.2052 | Plant Operator(Worker) |
| 5 | 34/2018 | 13/2011 | Santhosh G | 20.05.1974 | 31.05.2032 | Plant Operator(Worker) |
| 6 | 29/2018 | 7/2011 | Saju S | 20.05.1983 | 31.05.2041 | Plant Operator(Worker) |
| 7 | 29/2018 | 7/2011 | Bindhu G S | 25.05.1980 | 31.05.2038 | Store Keeper |
| 8 | 424/2017 /366/2017 | 50/2010 | Nibina Nizar B A | 04.12.1992 | 31.12.2050 | Plant Operator(Worker) |
| 9 | 3/2018 | 22/2010 | Arjun S Kumar | 25.10.1995 | 31.10.2053 | Plant Operator(Worker) |
| 10 | 9/2018 | 2/2010 | Sreejith R | 29.05.1980 | 31.05.2038 | Store Keeper |
| 11 | 65/2018 | 15/2010 | Chindhu R | 24.10.1988 | 31.10.2046 | Plant Operator(Worker) |
| 12 | 10/2018 | 23/2010 | Vasanthakumari J | 30.03.1969 | 31.03.2027 | Store Keeper |
| 13 | 188/2020 | 12/2011 | Leena Ramanan | 15.05.1979 | 31.05.2037 | Store Keeper |
| 14 | 36/2018 | 47/2010 | Jayanthi Pyarilal | 12.03.1979 | 31.03.2037 | Store Keeper |
| 15 | 11/2018 | 14/2011 | Asha Ashok | 10.03.1993 | 31.03.2051 | Store Keeper |
| 16 | 14/2018 | 49/2010 | Satheesan S | 30.05.1976 | 31.05.2034 | Store Keeper |
| 17 | 54/2021 | 24/2014 | Arunraj R | 27.10.1988 | 31.10.2046 | Store Keeper |
| 18 | 309/2012 | 54/2009 | Shibu S | 20.05.1988 | 31.05.2046 | Plant Operator(Worker) |

| | | | | | | |
|---|---|---|---|---|---|---|
| 19 | 6/2018 | 24/2010 | Vasanthakumari S | 20.05.1972 | 31.05.2030 | Lab attendent |
| 20 | 4/2018 | 3/2010 | Unnikrishna Pillai S | 30.05.1969 | 31.05.2027 | Store Keeper |
| 21 | 56/2018 | 8/2011 | Hareesh Y | 02.04.1986 | 30.04.2044 | Plant Operator(Worker) |
| 22 | 48/2018 | 51/2010 | Lalkrishnan K | 14.01.1992 | 31.01.2050 | Plant Operator(Worker) |
| 23 | 387/2017 | 55/2009 | Rajesh Kumar R | 07.04.1980 | 30.04.2038 | Store Keeper |
| 24 | 18/2018 | 2/2011 | Rajesh Kumar R (Kaippallil) | 27.03.1978 | 31.03.2036 | Plant Operator(Worker) |
| 25 | 68/2018 | 10/2010 | Sreerag R | 10.04.1985 | 30.04.2043 | Plant Operator(Worker) |

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. എഫ്2/130/2015/എ.എച്ച്. ഇനം നം: 2631

വിഷയം : മൃഗസംരക്ഷണ വകുപ്പ് - പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമി വിട്ടുനൽകിയ 43 കുടുംബങ്ങളിൽ നിന്നും കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന 30 പേർ ബഹു.കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ വിധിപ്രകാരം കൊല്ലം ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന 25 പേർക്ക് അവർ ഒപ്പിട്ട സമ്മതപത്രം അനുസരിച്ച് കമ്പനിയിലെ വർക്ക്മെൻ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2631

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **എഫ്2/130/2015-എ.എച്ച്** |
| 2 | വകുപ്പ് | : | **മൃഗസംരക്ഷണ (എഫ്) വകുപ്പ്** |
| 3 | വിഷയം | : | **പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമി വിട്ടുനൽകിയ 43 കുടുംബങ്ങളിൽ നിന്നും കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന 30 പേർ ബഹു.കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ വിധിപ്രകാരം കൊല്ലം ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന 25 പേർക്ക് അവർ ഒപ്പിട്ട സമ്മതപത്രം അനുസരിച്ച് കമ്പനിയിലെ വർക്ക്മെൻ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നൽകുന്നത് -സംബന്ധിച്ച്** |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/11/2024 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ആസൂത്രണവും സാമ്പത്തിക കാര്യവും (ബി.പി.ഇ) വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായങ്ങൾ കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ഷിബു.എ.റ്റി |

| | | | |
|---|---|---|---|
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.എസ്. ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/11/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/01/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.ചിഞ്ചുറാണി.ജെ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/01/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18/01/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി 2009 ൽ സർക്കാർ ഏറ്റെടുത്ത 9.5 ഏക്കർ ഭൂമി വിട്ടു നൽകിയ 43 കുടുംബങ്ങളിൽ നിന്നും കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന 30 പേരിൽ കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ബഹു ഹൈക്കോടതി വിധിപ്രകാരം കൊല്ലം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന 25 പേർ ഒപ്പിട്ട സമ്മതപത്രം അനുസരിച്ച് അവർക്ക് കമ്പനിയിലെ വർക്ക്മെൻ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥിര നിയമനം നൽകുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 21.05.2008 തീയതിയിലെ സ.ഉ.(സാധാ)നം.939/08/AD, 18.11.2009 തീയതിയിലെ സ.ഉ.(സാധാ)നം.1911/09/AD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കല്ലേലിഭാഗം വില്ലേജിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിനു വേണ്ടി 2009-ൽ സർക്കാർ 9.5 ഏക്കർ സ്ഥലം 43 കുടുംബങ്ങളിൽ നിന്നുമായി ഏറ്റെടുത്തിരുന്നു. പ്രസ്തുത കുടുംബാംഗങ്ങളിൽ നിന്നും നോമിനികൾ ഉൾപ്പെടെ 30 പേർ നിലവിൽ കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നുണ്ട്. ഈ 30 പേരിൽ സമ്മതപത്രം ഒപ്പിട്ട് നല്കിയ 25 പേരെ കമ്പനിയിൽ നിലവിൽ ഒഴിവുള്ള 25 വർക്ക്മെൻ തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

3) കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളി കാലിത്തീറ്റ ഫാക്ടറിയ്ക്കായി 9.5 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ട 43 കുടുംബങ്ങളെ 2 വിഭാഗങ്ങളായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ , ലാന്റ് അക്വസിഷൻ ഓഫീസർ സബ് കോടതിയിൽ ഒടുക്കിയ നഷ്ടപരിഹാരതുകയോടൊപ്പം കമ്പനിയിൽ സ്ഥിരം തൊഴിൽ ആവശ്യപ്പെട്ടവർക്ക് ഭൂമി വിലയുടെ 55%

നഷ്ടപരിഹാരം അധികമായും , സ്ഥിര നിയമനം ആവശ്യമില്ലാത്തവർക്ക് 70% അധിക നഷ്ടപരിഹാരത്തുകയും നൽകുന്നത് സംബന്ധിച്ച **നിയമവകുപ്പിന്റെ** ഉപദേശം ആരാഞ്ഞപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം ഉപദേശം നൽകി:

*"റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് പാക്കേജിന്റെ ഭാഗമായാണ് ഭൂമി ഏറ്റെടുക്കലിലൂടെ ബാധിതരായ കുടുംബങ്ങൾക്ക് തൊഴിൽ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഭരണവകുപ്പിന്റെ ഫയലിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിലാണ് ഭൂവുടമകൾക്ക് തൊഴിൽ നൽകിയിട്ടുള്ളതെന്നാണ് കാണുന്നത്. ജില്ലാ കളക്ടർ അനുവദിച്ച അവാർഡ് തുക കൂടുതൽ ലഭിക്കുന്നതിന് വേണ്ടി സബ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട LAR കേസുകളിൽ കൂടുതൽ കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളതായും പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് പാക്കേജിന്റെയും അവാർഡിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യത്യസ്തമായിട്ടുള്ളതിനാൽ LAR കേസിലെ അന്തിമ വിധിക്ക് വിധേയമായി കോമ്പൻസേഷൻ നൽകുന്ന വിഷയം തീർപ്പാക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാം."*

4) തുടർന്ന് അഭിപ്രായത്തിനായി ഫയൽ **ധനകാര്യ** വകുപ്പിനയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

*"താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിന്മേൽ "State of Karnataka Vs Uma Devi" കേസിലെ 10/04/2006-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ കോടതി അലക്ഷ്യത്തിന് വഴിവെയ്ക്കും എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിന് കഴിയില്ലായെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നതോടോപ്പം കമ്പനിയ്ക്ക് സ്ഥലം വിട്ടുകൊടുത്ത കുടുംബങ്ങൾക്ക് സർക്കാർ നൽകിയ വാഗ്ദാനമെന്ന നിലയിൽ കുടുംബത്തിലെ ഒരംഗത്തിനു സ്ഥിരജോലി നൽകേണ്ട സാഹചര്യമുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ആയതിനുള്ള മാനദണ്ഡങ്ങൾക്കും വിദ്യാഭ്യാസയോഗ്യതയ്ക്കും അനുസരിച്ച് ഉചിത തീരുമാനം ഭരണവകുപ്പിനു തന്നെ കൈക്കൊള്ളാമെന്ന് അറിയിക്കുന്നു."*

5) കേരള ഫീഡ്സ് ലിമിറ്റഡിലെ ടി താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയൽ അഭിപ്രായത്തിനായി **ആസൂത്രണവും സാമ്പത്തിക കാര്യവും** വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയുന്ന പ്രകാരം അഭിപ്രായം അറിയിക്കുകയായുണ്ടായി .

*"ധനവകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പും യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."*

6) അതോടൊപ്പം **ആസൂത്രണവും സാമ്പത്തിക കാര്യവും** വകുപ്പ് ഈ വിഷയം Public Enterprises Board ന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതിനെ തുടർന്ന് ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം ഉത്തരവിട്ടിട്ടുള്ളതുമാണ് എന്നും പ്രസ്തുത വകുപ്പ് അറിയിച്ചു .

*"താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിന്മേൽ "State of Karnataka Vs Uma Devi" കേസിലെ 10/04/2006-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ കോടതി അലക്ഷ്യത്തിന് വഴിവെയ്ക്കും എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിലേക്കായി മേൽ വിഷയത്തിൽ നിയമസാധ്യത വിശദമായി വീണ്ടും പഠിക്കുവാനും നിർദേശിച്ചു."*

7) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം കമ്പനി അഡ്വക്കേറ്റ് ജനറൽ ന്റെ നിയമോപദേശം തേടി. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരം ഈ വിഷയം State of Karnataka Vs Umadevi & others എന്ന കോടതി വിധിയുടെ പരിധിയിൽ വരില്ലെന്ന് അറിയിച്ച കൊണ്ട് അഡ്വക്കേറ്റ് ജനറൽ താഴെ പറയുന്ന ഉപദേശം നൽകി .

*"The records given to me reveal that it was a decided as a matter of policy to provide employment to the evictees in the Cattle Feed Plant. They were engaged on daily wage basis in 2012 and are still continuing. In the meeting convened by the Hon'ble Minister on 19.07.2016, in principle approval was given to provide employment to the evictees or their nominees; subject to approval of Council of Ministers. Therefore, the Company may approach the Government with a Concrete proposal and get*

*a formal sanction. Thereafter, the Company may explore the possibility of settling the pending Land Acquisition Appeals through mediation."*

8) മേൽ വിഷയത്തിൽ കേരള ഫീഡ്സ് ലിമിറ്റഡിനു വേണ്ടി ഭൂമി ഏറ്റെടുത്ത 29 വ്യക്തികളിൽ 22 പേർ അധിക നഷ്ടപരിഹാരം വാങ്ങാതെ ഒത്തുതീർപ്പ് വ്യവസ്ഥ അംഗീകരിച്ച് കേസ് ലീഗൽ സർവീസ് അതോറിറ്റിയുടെ അദാലത്ത് മുഖേന സെറ്റിൽമെന്റ് നടത്തുവാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. കമ്പനിയിലെ ബന്ധപ്പെട്ട ട്രേഡ്യൂണിയനുകളുമായി ബഹു : മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി 8 /2/ 2023 ന് നടത്തിയ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീൽ ഹർജികളിൽ ബഹു.ഹൈക്കോടതി, ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായത്തോടുകൂടി ഒത്തുതീർപ്പ് വ്യവസ്ഥകൾ പ്രകാരം വിധി തീർപ്പ് ഉണ്ടാക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

9) **നിയമവകുപ്പിന്റെ** ഉപദേശം ചുവടെ ചേർക്കുന്നു:

*"As per section 19(5) of the The Legal Services Authorities Act, 1987 ,A Lok Adalat shall have jurisdiction to determine and to arrive at a compromise or settlement between the parties to a dispute in respect of— (i) any case pending before; or*

*(ii) any matter which is falling within the jurisdiction of, and is not brought before, any Court for which the Lok Adalat is organised:*

*Provided that the Lok Adalat shall have no jurisdiction in respect of any case or matter relating to an offence not compoundable under any law. Besides the procedures for taking cognizance of the cases by the Lok Adalat are provided under section 20 of the Act .*

*In view of the above , there is no bar in referring any such cases pending before the High court for settlement by Lok Adalat , if the parties so desires . Whether the settlement of such dispute through Lok Adalat is beneficial for protecting the interest of the Government ,is a matter to be*

*decided by AD in consultation with the District collector . AD may look into the above and may take appropriate action accordingly in consultation with the Advocate General".*

10) മേൽ പരാമർശിച്ച വിഷയം 16/02/2024 ൽ ബഹു ഹൈക്കോടതി പരിശോധിച്ചുവെന്നും ഭൂമി ഏറ്റെടുക്കൽ അപ്പീലിനോടൊപ്പം മറ്റു അപ്പീൽ കേസുകളും എടുക്കേണ്ടതാണെന്നും 11/03/2024 ന് കൊല്ലത്തെ **District Mediation Centre** ൽ കക്ഷികൾ ഹാജരാകേണ്ടതാണെന്നും കേരള ഫീഡ്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ ഒരു ഒത്തുതീർപ്പ് ഫോർമുല മുന്നോട്ട് വയ്ക്കേണ്ടതാണെന്നും settle ചെയ്യുന്നതിന് തുക കമ്പനി തന്നെ വഹിക്കേണ്ടതാണെന്നും അപ്രകാരം സർക്കാർ അന്തിമ തീരുമാനം എടുക്കേണ്ടതുമാണ് എന്നും ബഹു: കോടതി ഉത്തരവായി എന്ന് അഡ്വക്കേറ്റ് ജനറൽ സർക്കാരിനെ അറിയിച്ചിരുന്നു.

11) 27.02.2020 ന് ചേർന്ന കേരള ഫീഡ്സ് കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും കക്ഷികൾ സമ്മതിച്ച ഒത്തുതീർപ്പ് തുക അംഗീകരിച്ചു കൊണ്ട് തുക കണക്കാക്കേണ്ട രീതി താഴേപ്പറയും പ്രകാരം മാനേജിങ് ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തു.

The formula for compromise, which has been agreed by Board of Directors in as follows

**Formula for Computation**

55% increase in land value +

Solatium @ 30% on this increased land value+

12% enhancement u/s 23(1A) (for period as permitted by court in LAR - Judgment) +

9% interest for 1 year (for period as per permitted by court in LAR Judgment)+

15% interest for remaining period upto 30.11.2019.

12) ബഹു.ഹൈക്കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മധ്യസ്ഥതയിലൂടെ LA അപ്പീൽ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ പ്രകാരം 11.03.2024-ന് നടന്ന മധ്യസ്ഥ ചർച്ചയിൽ, 20 LA അപ്പീൽ കേസുകൾ(19 ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടത്) തീർപ്പാക്കിയിട്ടുള്ളതും തുടർന്ന്, ബാക്കിയുള്ള 5 കേസുകൾ യഥാക്രമം 23.04.2024 & 08.07.2024, തീയതികളിൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

13) പ്രസ്തുത മധ്യസ്ഥ ചർച്ചയിൽ ഒത്തുതീർപ്പാക്കിയ പ്രകാരം കമ്പനിയിൽ സ്ഥിരനിയമനം നൽകേണ്ട താത്കാലികമായി ജോലിചെയ്യുന്നവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

| Sl No | LAA | LAR | Name of the evictee/ Nominee proposed for Permanent engagement | Date of Birth | Date of Retirement | Post Proposed |
|---|---|---|---|---|---|---|
| 1 | 401/2017 | 12/2010 | Sanu B | 31.05.1990 | 31.05.2048 | Office Attendent |
| 2 | 19/2018 | 20/2010 | Rajalekshmi I | 10.05.1977 | 31.05.2035 | Office Attendent |
| 3 | 70/2018 | 15/2011 | Suneera S | 25.05.1974 | 31.05.2032 | Store Keeper |
| 4 | 279/2012 | 56/2009 | Achu Mohan | 07.01.1994 | 31.01.2052 | Plant Operator(Worker) |
| 5 | 34/2018 | 13/2011 | Santhosh G | 20.05.1974 | 31.05.2032 | Plant Operator(Worker) |
| 6 | 29/2018 | 7/2011 | Saju S | 20.05.1983 | 31.05.2041 | Plant Operator(Worker) |

| | | | | | | |
|---|---|---|---|---|---|---|
| 7 | 29/2018 | 7/2011 | Bindhu G S | 25.05.1980 | 31.05.2038 | Store Keeper |
| 8 | 424/2017 /366/2017 | 50/2010 | Nibina Nizar B A | 04.12.1992 | 31.12.2050 | Plant Operator(Worker) |
| 9 | 3/2018 | 22/2010 | Arjun S Kumar | 25.10.1995 | 31.10.2053 | Plant Operator(Worker) |
| 10 | 9/2018 | 2/2010 | Sreejith R | 29.05.1980 | 31.05.2038 | Store Keeper |
| 11 | 65/2018 | 15/2010 | Chindhu R | 24.10.1988 | 31.10.2046 | Plant Operator(Worker) |
| 12 | 10/2018 | 23/2010 | Vasanthakumari J | 30.03.1969 | 31.03.2027 | Store Keeper |
| 13 | 188/2020 | 12/2011 | Leena Ramanan | 15.05.1979 | 31.05.2037 | Store Keeper |
| 14 | 36/2018 | 47/2010 | Jayanthi Pyarilal | 12.03.1979 | 31.03.2037 | Store Keeper |
| 15 | 11/2018 | 14/2011 | Asha Ashok | 10.03.1993 | 31.03.2051 | Store Keeper |
| 16 | 14/2018 | 49/2010 | Satheesan S | 30.05.1976 | 31.05.2034 | Store Keeper |
| 17 | 54/2021 | 24/2014 | Arunraj R | 27.10.1988 | 31.10.2046 | Store Keeper |
| 18 | 309/2012 | 54/2009 | Shibu S | 20.05.1988 | 31.05.2046 | Plant Operator(Worker) |
| 19 | 6/2018 | 24/2010 | Vasanthakumari S | 20.05.1972 | 31.05.2030 | Lab attendent |
| 20 | 4/2018 | 3/2010 | Unnikrishna Pillai S | 30.05.1969 | 31.05.2027 | Store Keeper |

| | | | | | | |
|---|---|---|---|---|---|---|
| 21 | 56/2018 | 8/2011 | Hareesh Y | 02.04.1986 | 30.04.2044 | Plant Operator(Worker) |
| 22 | 48/2018 | 51/2010 | Lalkrishnan K | 14.01.1992 | 31.01.2050 | Plant Operator(Worker) |
| 23 | 387/2017 | 55/2009 | Rajesh Kumar R | 07.04.1980 | 30.04.2038 | Store Keeper |
| 24 | 18/2018 | 2/2011 | Rajesh Kumar R (Kaippallil) | 27.03.1978 | 31.03.2036 | Plant Operator(Worker) |

14)കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, ബഹു കേരള ഹൈക്കോടതിയിൽ മധ്യസ്ഥ ഉടമ്പടി ഫയൽ ചെയ്തിട്ടുണ്ടെന്നും LAR കേസുകൾ കോടതി തീർപ്പാക്കിയതായും കമ്പനി അറിയിച്ചിട്ടുണ്ട് . ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ വിശദമായി പരിഗണിക്കാൻ കമ്പനി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു:

എ) 11.03.2024, 23.04.2024, 08.07.2024 എന്നീ തീയതികളിൽ നടന്ന മധ്യസ്ഥതയിൽ ക്ലെയിമുകൾ തീർപ്പാക്കിയ 24 നോമിനികൾകൾക്കും കമ്പനിക്കെതിരെ കേസൊന്നും ഫയൽ ചെയ്തിട്ടില്ലാത്ത ശ്രീ. അനീഷ് കുമാറിനും സ്ഥിര നിയമനം നൽകാവുന്നതാണ്.

ബി) ശ്രീ.സുരേഷിന്റെയും, ശ്രീ.രമണന്റെയും അവരുടെ മകനെ/മകളെ അവരുടെ സ്ഥാനത്ത് സ്ഥിരനിയമനത്തിന് പരിഗണിക്കേണ്ടതാണ്.

സി) 01.12.2019 മുതൽ സെറ്റിൽമെന്റ് കരാറിന്റെ തീയതി വരെ കമ്പനി വഹിച്ച അധിക ചെലവ് തുകയായ 63.90 ലക്ഷം രൂപ കുടിയൊഴിപ്പിക്കപ്പെട്ട ഈ 24 പേർക്ക് ഈ കാലയളവിൽ അധിക പലിശയായി അനുവദിക്കുന്നതിനുള്ള അംഗീകാരം.

15) കേരള ഫീഡ്സ് ലിമിറ്റഡിൽ താൽക്കാലിക തസ്തികയിൽ ജോലി ചെയ്യുന്ന 24 നോമിനികളെയും, കമ്പനിക്കെതിരെ കേസൊന്നും ഫയൽ ചെയ്തിട്ടില്ലാത്ത

ശ്രീ.അനീഷ് കുമാറിനെയും,കൂടാതെ ശ്രീ.സുരേഷിന്റെയും ശ്രീ. രമണന്റെയും മകനെയോ/മകളെയോ അവരുടെ സ്ഥാനത്ത് സ്ഥിരനിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച കമ്പനിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിൽ കമ്പനി സമർപ്പിച്ച പട്ടികയിലെ ഒന്നു മുതൽ 24 വരെ ഉള്ള പേരുകാരുടെ കേസുകൾ മീഡിയേഷൻ വഴി തീർപ്പ് കല്പിച്ചതിനാൽ മീഡിയേഷനിൽ ഒത്തുതീർപ്പാക്കിയതനുസരിച്ചുള്ള സമ്മതപത്രം പ്രകാരം അവരെ സ്ഥിര നിയമനത്തിനായി പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതും മീഡിയേഷനിൽ പരിഗണിക്കാത്തതും, പരിഗണനയിൽ ഇരിക്കുന്നതും ആയ ബാക്കി കേസുകൾ തീർപ്പ് ആകുന്ന മുറയ്ക്ക് അവരുടെ സ്ഥിര നിയമനത്തിനായി പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് തീരുമാനം എടുക്കാവുന്നതുമാണ് എന്ന് ബഹു.മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ഉത്തരവായി.

16) മേൽസാഹചര്യത്തിൽ ബഹു ഹൈക്കോടതി വിധിപ്രകാരം കൊല്ലം ജില്ല ലീഗൽ സർവീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന സമ്മതപത്രത്തിൽ ഏർപ്പെട്ട് തീർപ്പാക്കിയ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ സ്ഥിരനിയമനത്തിനായി സമർപ്പിച്ച നിർദ്ദേശത്തിലെ പട്ടികയിലെ 1 മുതൽ 24 വരെ ഉള്ള പേരുകാർക്ക് മീഡിയേഷൻ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കമ്പനിയിൽ നിയമനത്തിനായി പരിഗണിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

17) ഈ ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായുള്ള ഉത്തരവിനായി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കാനായി ചംക്രമണത്തിൽ ഇരിക്കവെ 05.09.2024 തീയതിയായി മീഡിയേഷൻ മുഖേന തീർപ്പാക്കിയ ശ്രീ.ശ്രീരാഗ്.ആർ എന്നയാളുടെ സ്ഥിരനിയമനം കൂടി പരിഗണിക്കണമെന്ന് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ അഭ്യർത്ഥിച്ചു. ടി ശിപാർശ കൂടി പരിഗണിച്ച മീഡിയേഷൻ

മുഖേന സമ്മതപത്രത്തിൽ ഒപ്പിട്ട ടിയാനെ കൂടി ഉൾപ്പെടുത്തി ദിവസവേതനക്കാരായി ജോലിചെയ്യുന്ന 25 പേർക്ക് കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ നിലവിൽ ഒഴിവുള്ള വർക്ക്മെൻ തസ്തികയിൽ സ്ഥിരനിയമനത്തിനായി പരിഗണിക്കാവുന്നതാണെന്നു കാണുന്നു.

<u>തീരുമാനിക്കേണ്ട വിഷയം</u>

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി 2009 ൽ സർക്കാർ ഏറ്റെടുത്ത 9.5 ഏക്കർ ഭൂമി വിട്ടു നൽകിയ 43 കുടുംബങ്ങളിൽ നിന്നും കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന 30 പേരിൽ കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ബഹു ഹൈക്കോടതി വിധി പ്രകാരം കൊല്ലം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ മീഡിയേഷൻ മുഖേന 25 പേർ (അനുബന്ധമായി ചേർത്തിരിക്കുന്നു) ഒപ്പിട്ട സമ്മതപത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവർക്ക് കമ്പനിയിലെ വർക്ക്മെൻ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥിര നിയമനം നൽകാമോ ?

അനുബന്ധം

| Sl No | LAA | LAR | Name of the evictee/ Nominee proposed for Permanent engagement | Date of Birth | Date of Retirement | Post Proposed |
|---|---|---|---|---|---|---|
| 1 | 401/2017 | 12/2010 | Sanu B | 31.05.1990 | 31.05.2048 | Office Attendent |
| 2 | 19/2018 | 20/2010 | Rajalekshmi I | 10.05.1977 | 31.05.2035 | Office Attendent |
| 3 | 70/2018 | 15/2011 | Suneera S | 25.05.1974 | 31.05.2032 | Store Keeper |
| 4 | 279/2012 | 56/2009 | Achu Mohan | 07.01.1994 | 31.01.2052 | Plant Operator(Worker) |
| 5 | 34/2018 | 13/2011 | Santhosh G | 20.05.1974 | 31.05.2032 | Plant Operator(Worker) |
| 6 | 29/2018 | 7/2011 | Saju S | 20.05.1983 | 31.05.2041 | Plant Operator(Worker) |
| 7 | 29/2018 | 7/2011 | Bindhu G S | 25.05.1980 | 31.05.2038 | Store Keeper |
| 8 | 424/2017/ 366/2017 | 50/2010 | Nibina Nizar B A | 04.12.1992 | 31.12.2050 | Plant Operator(Worker) |
| 9 | 3/2018 | 22/2010 | Arjun S Kumar | 25.10.1995 | 31.10.2053 | Plant Operator(Worker) |
| 10 | 9/2018 | 2/2010 | Sreejith R | 29.05.1980 | 31.05.2038 | Store Keeper |
| 11 | 65/2018 | 15/2010 | Chindhu R | 24.10.1988 | 31.10.2046 | Plant Operator(Worker) |

| | | | | | | |
|---|---|---|---|---|---|---|
| 12 | 10/2018 | 23/2010 | Vasanthakumari J | 30.03.1969 | 31.03.2027 | Store Keeper |
| 13 | 188/2020 | 12/2011 | Leena Ramanan | 15.05.1979 | 31.05.2037 | Store Keeper |
| 14 | 36/2018 | 47/2010 | Jayanthi Pyarilal | 12.03.1979 | 31.03.2037 | Store Keeper |
| 15 | 11/2018 | 14/2011 | Asha Ashok | 10.03.1993 | 31.03.2051 | Store Keeper |
| 16 | 14/2018 | 49/2010 | Satheesan S | 30.05.1976 | 31.05.2034 | Store Keeper |
| 17 | 54/2021 | 24/2014 | Arunraj R | 27.10.1988 | 31.10.2046 | Store Keeper |
| 18 | 309/2012 | 54/2009 | Shibu S | 20.05.1988 | 31.05.2046 | Plant Operator(Worker) |
| 19 | 6/2018 | 24/2010 | Vasanthakumari S | 20.05.1972 | 31.05.2030 | Lab attendent |
| 20 | 4/2018 | 3/2010 | Unnikrishna Pillai S | 30.05.1969 | 31.05.2027 | Store Keeper |
| 21 | 56/2018 | 8/2011 | Hareesh Y | 02.04.1986 | 30.04.2044 | Plant Operator(Worker) |
| 22 | 48/2018 | 51/2010 | Lalkrishnan K | 14.01.1992 | 31.01.2050 | Plant Operator(Worker) |
| 23 | 387/2017 | 55/2009 | Rajesh Kumar R | 07.04.1980 | 30.04.2038 | Store Keeper |
| 24 | 18/2018 | 2/2011 | Rajesh Kumar R (Kaippallil) | 27.03.1978 | 31.03.2036 | Plant Operator(Worker) |
| 25 | 68/2018 | 10/2010 | Sreerag R | 10.04.1985 | 30.04.2043 | Plant Operator(Worker) |